**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**വിജ്ഞാപനം**
**കീം –2022**
**എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം–2022**
**രണ്ടാം ഘട്ട താത്ക്കാലിക അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു**

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും 2022 ലെ എം .ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അഖിലേന്ത്യാ രണ്ടാം റൗണ്ട് അലോട്ട്മെന്റിലൂടെ എം .ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഒഴിവാക്കിയാണ് സ്റ്റേറ്റ് ക്വാട്ടാ അലോട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. **10.11.2022 മുതൽ 15.11.2022 രാവിലെ 10.00 മണിവരെ** വിദ്യാർത്ഥികൾ നൽകിയ ഓൺലൈൻ ഓപ്ഷൻ ക്രമീകരണത്തിന്റെ അടിസ്ഥാന ത്തിലാണ് അലോട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് **'KEAM 2022–Candidate Portal'** ലെ **'Provisional Allotment List'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് താത് ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **ceekinfo.cee@kerala.gov.in** എന്ന ഇമെയിൽ മുഖാന്തിരം **24.11.2022 ഉച്ചക്ക് 12 മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്. സാധുവായ പരാതികൾ പരിഹരിച്ചശേഷമുള്ള അന്തിമ അലോട്ട്മെന്റ് **24.11.2022–** ന് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.11.23 19:06:43 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23/11/2022